മലയാള

# കണ്ണു കൊണ്ടു സംസാരിക്കാൻ 'നേത്രവാദ്'; കണ്ടെത്തലുമായി അമൃതയിലെ ഗവേഷകർ

കൊല്ലം ● കണ്ണിന്റെ ചലനങ്ങൾ ഉപയോഗിച്ച് ആശയവിനിമയം സാധ്യമാക്കുന്ന സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്ത് അമൃത വിശ്വവിദ്യാപീഠം അമൃതപുരി ക്യാംപസിലെ ഗവേഷകർ. 'നേത്രവാദ്' എന്ന ഉപകരണം ഹ്യുമാനിറ്റേറിയൻ ടെക്നോളജി ലാബ്സിലെ (ഹട്ട് ലാബ്സ്) ഡോ. രാജേഷ് കണ്ണൻ മേഘലിംഗത്തിന്റെ നേതൃത്വത്തിലാണു തയാറാക്കിയത്. ശരീരം തളർന്നു പോയവർക്കും മറ്റു സംസാര വൈകല്യങ്ങൾ ഉള്ളവർക്കും കണ്ണിന്റെ ചലനങ്ങൾ കൊണ്ട് ആശയവിനിമയം സാധ്യമാക്കുന്ന വിധത്തിലാണു പ്രവർത്തനം.

കണ്ണുകളുടെ ചലനം നിരീക്ഷിക്കുകയും അതു വാക്കുകൾ ആക്കി സ്ക്രീനിൽ കാണിക്കുകയും സ്പീക്കറിലൂടെ പറയുകയും ചെയ്യുന്ന എഐ അൽഗോരിതമാണ് ഉപകരണത്തിന്റെ പ്രധാന ഭാഗം.

ഇംഗ്ലിഷ് അക്ഷരമാലയും സംഖ്യകളും വ്യക്തമാക്കുകയും വാക്കുകളും വാക്യങ്ങളും രൂപീകരിച്ച് ആശയവിനിമയം സാധ്യമാക്കുകയും ചെയ്യുന്നു. പ്രെഡിക്ടീവ് ടെക്സ്റ്റ് സാങ്കേതിക വിദ്യയും ഉപയോഗിക്കാൻ സാധ്യതയുള്ള വാക്കുകളുടെ പട്ടികയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്യാമറ, മോണിറ്റർ, സ്പീക്കർ, കൺട്രോൾ പാനൽ, ചാർജ് ചെയ്ത് ഉപയോഗിക്കാവുന്ന ബാറ്ററി എന്നിവ അടങ്ങുന്നതാണ് ഉപകരണം. നിലവിൽ ഇംഗ്ലിഷ്, മലയാളം, ഹിന്ദി എന്നീ ഭാഷകളിൽ മാത്രം ലഭ്യമാകുന്ന ഉപകരണം ഉടൻതന്നെ മറ്റു പ്രാദേശിക ഭാഷകളിലേക്കുമെത്തും.

വിദേശരാജ്യങ്ങളിൽ ലഭ്യമാകുന്ന സമാന ഉപകരണങ്ങളെക്കാൾ ചെലവു കുറഞ്ഞതാണ് എന്നതും സവിശേഷതയാണ്. ടി ടു എച്ച് എന്ന സ്റ്റാർട്ടപ് കമ്പനിയാണു 'നേത്രവാദി'ന്റെ ഉൽപാദനം കൈകാര്യം ചെയ്യുക. അമൃത വിശ്വവിദ്യാപീഠം ഹട് ലാബ്സിന്റെ നേതൃത്വത്തിലുള്ള കമ്പനി ആരോഗ്യരംഗത്തെ റോബട്ടിക്സ് മേഖലയിലാണു പ്രവർത്തിക്കുന്നത്.



അമൃത വിശ്വവിദ്യാപീഠം വികസിപ്പിച്ച, കണ്ണിന്റെ ചലനങ്ങൾ ഉപയോഗിച്ച് ആശയവിനിമയം നടത്താൻ കഴിയുന്ന സാങ്കേതികവിദ്യ.